**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3085** **14-02-2024 - ൽ മറുപടിയ്ക്ക്**

**ചെരണ്ടത്തൂർ ചിറയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളക്കെട്ട് തടയുന്നതിനായി മോട്ടോർ സ്ഥാപിച്ചിട്ടുള്ള കെട്ടിടം കാലപ്പഴക്കത്താൽ ദുർബലമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളക്കെട്ട് തടയുന്നതിനായുള്ള മോട്ടോർ സ്ഥാപിച്ചിട്ടുള്ള വെങ്ങാടിക്കൽ പമ്പിംഗ് സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കത്താൽ ദുർബലമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പമ്പിംഗ്സ്റ്റേഷൻ കെട്ടിടം പുനഃനിർമ്മിക്കുന്ന തിനായുള്ള 75.00 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി 2024-25 വർഷത്തെ ബജറ്റ് വോള്യം II അനുബന്ധം-II പേജ് 4 ക്രമ നമ്പർ 69 ആയി 100 രൂപ ടോക്കൺ പ്രൊവിഷനോട്ടു കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പമ്പ്ഹൗസിന് സ്ഥലപരിമിതിയുള്ളതിനാൽ അധിക സ്ഥലം കൂടി ലഭ്യമാക്കേണ്ടതുണ്ട്. അധിക സ്ഥലം ലഭ്യമാക്കി അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ